**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3691 26.06.2012 ൽ മറുപടിയ്ക്ക്

**ചെക്ക്പോസ്റ്റുകളിലെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ**

**ചോദ്യം**
ശ്രീ. കെ. കെ. ജയചന്ദ്രൻ

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കാത്ത എത്ര ചെക്ക്പോസ്റ്റുകൾ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (എ) | **63 എണ്ണം**<br>തിരുവനന്തപുരം-7, കൊല്ലം-1, ഇടുക്കി-3, തൃശ്ശൂർ-3, പാലക്കാട്-10, മലപ്പുറം-2, കോഴിക്കോട്-3, വയനാട്-12, കണ്ണൂർ-7, കാസർഗോഡ്-15 |
| (ബി) | എല്ലാ ചെക്ക്പോസ്റ്റുകളിലും മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ വിനോദ സഞ്ചാരികൾ ഉൾപ്പെടെയുള്ളവർ സഞ്ചരിക്കുന്ന ടാക്സികളും മറ്റും കിലോമീറ്ററുകളോളം അധികം സഞ്ചരിച്ച് മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നു പോകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ; | (സി)<br>(ഡി) | നിലവിലുള്ള സ്റ്റാഫിന്റെ എണ്ണവും അടിസ്ഥാന സൗകര്യങ്ങളും വച്ച് എല്ലാ ചെക്ക്പോസ്റ്റുകളിലും മോട്ടോർ വാഹനവകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഗൂഡല്ലൂർ ബത്തേരി റൂട്ടിൽ ഒരു ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിശോധിച്ചു വരുന്നുണ്ട് . |
| (ഡി) | എല്ലാ ചെക്ക്പോസ്റ്റുകളിലും മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ